പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2670 18.06.2018-ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ പാലങ്ങളുടെ ഡി.പി.ആർ.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നിർമ്മാണാനുമതി ലഭിച്ച പാലങ്ങളുടെ ഡി.പി.ആർ. ലഭിക്കുവാൻ ഏറെ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;<br><br>(ബി) ഡി.പി.ആർ. വൈകുന്നത് മൂലം നീക്കിവെച്ച പണം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുന്നതിനാൽ ഡി.പി.ആർ. സമയബന്ധിതമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) കാസർഗോഡ് ജില്ലയിലെ പാലങ്ങളുടെ ഡി.പി.ആർ ഉണ്ടാക്കാൻ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ദർഘാസ് നടത്തി പൂർത്തിയാക്കണം. അതിനു ശേഷം ഡിസൈൻ വിംഗിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ച് ഡിസൈൻ തയ്യാറാക്കി അതിന്റെ ഫീസിബിലിറ്റി നോക്കിയതിനു-ശേഷമാണ് ഡി.പി.ആർ തയ്യാറാക്കുവാൻ സാധിയ്ക്കുന്നത്. കാസർഗോഡ് ജില്ലയിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പാലങ്ങളുടെ ഡി.പി.ആർ തയ്യാറാക്കുന്നത് ചീഫ് എഞ്ചിനീയർ, ഡിസൈൻ ഓഫീസിലെ പ്രോജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റാണ്. ഡി.പി.ആർ തയ്യാറാക്കുന്നതിനു വേണ്ട വിശദാംശങ്ങൾ നൽകുന്നത് ഈ ഓഫീസിന്റെ കീഴിലുള്ള ബ്രിഡ്ജസ് സെക്ഷനുകളിൽ നിന്നാണ്. ആദ്യത്തെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ ഇല്ലാത്ത ചില അധിക വിവരങ്ങൾ കൂടി പ്രോജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റ് ആവശ്യപ്പെട്ടിരുന്നു. |

അതിനുവേണ്ടി വേറെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും ചെയ്യേണ്ടിവന്നു. ആയതിനാലാണ് ഡി. പി. ആർ തയ്യാറാക്കാൻ ചെറിയ താമസം വന്നത്. അധികം വൈകാതെതന്നെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

S. Bindu

സെക്ഷൻ ഓഫീസർ